REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-06-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ മൂന്നാം NDA മന്ത്രി സഭ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ വൈകിട്ട് 7.15ന് നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും.
- സുരേഷ് ഗോപി കേന്ദ്ര മന്ത്രിയാകുമെന്ന് റിപ്പോർട്ട്. അദ്ദേഹം അൽപ്പം മുമ്പ് ഡൽഹിയിക്ക് പോയി.
- നിയമസഭ സമ്മേളനം നാളെ ആരംഭിക്കും.
- 220 അധ്യയന ദിവസം K.E.R. ചട്ടമനുസരിച്ചെന്നും ഇക്കാര്യത്തിൽ ഹൈക്കോടതി തീരുമാനം ഉണ്ടെന്നും മന്ത്രി വി ശിവൻകുട്ടി.
- സംസ്ഥാനത്ത് ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി നിലവിൽ വരും.
- ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ ഇന്ന് പാക്കിസ്താനെ നേരിടും.

## വാർത്തകൾ വിശദമായി

**നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ മൂന്നാം NDA മന്ത്രി സഭ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ വൈകിട്ട് 7.15ന് നടക്കുന്ന**

സത്യപ്രതിജ്ഞാ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കും മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ........

...........വോയ്സ്.............

തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയാകുന്ന നരേന്ദ്ര മോദിയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ അയൽ രാജ്യങ്ങളിൽ നിന്നു നിരവധി രാഷ്ട്ര നേതാക്കൾ ഇതിനകം ഡൽഹിയിൽ എത്തിയിട്ടുണ്ട്.

ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ, മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ്, വൈസ് പ്രസിഡന്റ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി, ഷെയ്ഖ് ഹസീന, മൗറീഷ്യസ് പ്രധാനമന്ത്രി, പ്രവിന്ദ് കുമാർ ജുഗ്നൗത്ത്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമൽ ദഹൽ പ്രചണ്ഡയും ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേയും ചടങ്ങിൽ പങ്കെടുക്കും.

രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഒരുക്കുന്ന വിരുന്നിലും നേതാക്കൾ പങ്കെടുക്കും. പരിപാടിയിൽ സുരക്ഷ ഉറപ്പാക്കാൻ ഡൽഹി പൊലീസ് കർശന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. സത്യപ്രതിജ്ഞാ ചടങ്ങിനിടെ ഡൽഹിക്ക് മുകളിലൂടെ പാരാഗ്ലൈഡറുകൾ, പാരാമോട്ടറുകൾ, ഹാംഗ് ഗ്ലൈഡറുകൾ, ആളില്ലാ ആകാശ

വാഹനങ്ങൾ ഹോട്ട് എയർ ബലൂണുകൾ എന്നിവയുൾപ്പെടെ പറക്കുന്നത് പോലീസ് ഇന്നും നാളെയും നിരോധിച്ചു.

✪✪✪

സുരേഷ് ഗോപി കേന്ദ്ര മന്ത്രിയാകുമെന്ന് റിപ്പോർട്ട്. ഔദ്യോഗിക ക്ഷണത്തെ തുടർന്ന് നിയുക്ത M.P സുരേഷ് ഗോപി തിരുവനന്തപുരത്ത് നിന്നും ഡൽഹിയിലേക്ക് യാത്ര തിരിച്ചു. ജനങ്ങളുടെ ആഘോഷം നടക്കട്ടെയെന്നും പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ചാണ് ഡൽഹിക്ക് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര മന്ത്രിസ്ഥാനത്തെ കുറിച്ച് യാതൊന്നും സുരേഷ് ഗോപി പ്രതികരിച്ചില്ല. ഭാര്യക്കും അമ്മയ്ക്കും ഒപ്പം വീട്ടിൽ നിന്ന് എയർ പോർട്ടിലേക്കു തിരിച്ച അദ്ദേഹം 12.15 ന്റെ വിമാനതത്തിൽ ബാംഗ്ലൂരിലേക്കും അവിടെ നിന്നു ഡൽഹിൽയിലേക്കും പോകുമെന്നാണ് സൂചന.

✪✪✪

സത്യപ്രതിജ്ഞക്കു മുന്നോടിയായി രാവിലെ നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദി, രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ രാജ്ഘട്ടിലെത്തി ആദരമർപ്പിച്ചു.

സേവനത്തിലും സാമൂഹിക ക്ഷേമത്തിലും മഹാത്മാ ഗാന്ധിയുടെ അചഞ്ചലമായ പ്രതിബദ്ധത വളരെയധികം പ്രചോദിപ്പിക്കുന്നുവെന്ന് മോദി പറഞ്ഞു. മെച്ചപ്പെട്ട സമൂഹം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹത്തിന്റെ ചിന്തകൾ നമ്മെ നയിക്കുന്നുവെന്നും മോദി എക്സ് പോസ്റ്റിൽ കുറിച്ചു.

ദേശീയ യുദ്ധ സ്മാരകത്തിലും മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പയിയുടെ സമാധിസ്ഥലമായ സദൈവ് അടലിലും അദ്ദേഹം ആദരമർപ്പിച്ചു.

✪✪✪

സത്യപ്രതിജ്ഞാ ചടങ്ങ് ആകാശവാണി തത്സമയം പ്രക്ഷേപണം ചെയ്യും. വൈകിട്ട് 6.45 മുതൽ ആകാശവാണിയുടെ കേരളാ നിലയങ്ങളിൽ ഇത് ലഭ്യമാകും.

✪✪✪

ഡൽഹിയിൽ ട്രാഫിക് പോലീസ് ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. ട്രാൻസ്പോർട്ട് ഭവൻ, ടി പോയിന്റ് റാഫി അഹമ്മദ് കിദ്വായ് മാർഗ്, നോർത്ത് അവന്യൂ റോഡ്, സൗത്ത് അവന്യൂ റോഡ്, രാജാജി മാർഗ്, കൃഷ്ണ മേനോൻ മാർഗ്, ഉൾപ്പെടെ നിരവധി റോഡുകൾ ഉച്ചയ്ക്ക് 2 മുതൽ രാത്രി 11 വരെ അടച്ചിടും.

എല്ലാ ഡിടിസി ബസുകളും ഓടാൻ അനുവദിക്കില്ലെന്നും പോലീസ് അറിയിച്ചു.

✪✪✪

CPIM പോളിറ്റ് ബ്യൂറോ യോഗം ഡൽഹിയിൽ ആരംഭിച്ചു. ലോക്സഭ തെരഞ്ഞെടുപ്പ് അവലോകനമാണ് ഒരു ദിവസത്തെ യോഗത്തിന്റ പ്രധാന അജണ്ട. സംസ്ഥാനത്ത് നിന്ന് മുഖ്യമന്ത്രി പിണറായി വിജയനും സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദനും യോഗത്തിൽ പങ്കെടുക്കും.

✪✪✪

പ്രേം സിങ് തമാങ്ങിന്റെ നേതൃത്വത്തിൽ സിക്കിം മന്ത്രിസഭ നാളെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. വൈകിട്ട് നാലിന് ഗാംഗ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ, മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുക്കും.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം നാളെ ആരംഭിക്കും. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർഥനകൾ വിശദമായി ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് പ്രധാനമായും സമ്മേളനം ചേരുന്നത്. അടുത്ത മാസം 25 വരെ 28 ദിവസം ചേരുന്ന സമ്മേളനത്തിൽ മറ്റന്നാൾ മുതൽ ജൂലൈ 8 വരെ 13 ദിവസം ധനാഭ്യർഥനകൾ ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് നീക്കിവച്ചിരിക്കുന്നത്.

നാളെ രാവിലെ ചോദ്യോത്തരവേളയ്ക്കു ശേഷം അല്പസമയം സഭാ നടപടികൾ നിർത്തിവച്ചു മെമ്പേഴ്സ് ലോഞ്ചിൽ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കും. തുടർന്ന്, കേരള പഞ്ചായത്ത് രാജ് രണ്ടാം ഭേദഗതി ബില്ലും, കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ബില്ലും അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയയ്ക്കും.

സമ്മേളനത്തിനിടയിൽ 13, 14, 15 തീയതികളിൽ ലോക കേരള സഭയുടെ നാലാം സമ്മേളനം ലോക കേരള സഭയുടെ

പ്രധാന വേദിയായ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കും.

✪✪✪

220 അധ്യയന ദിവസം എന്നത് K.E.R. ചട്ടമാണെന്നും ഇക്കാര്യത്തിൽ ഹൈക്കോടതി തീരുമാനം ഉണ്ടെന്നും മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. കെ ഇ ആർ -അധ്യായം 7 റൂൾ 3 ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അധ്യാപകർ ഇക്കാര്യത്തിൽ സഹകരിച്ച് കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ സഹകരിക്കണമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താക്കുറിപ്പിൽ പറഞ്ഞു.

അധ്യാപകർക്ക് മികവുറ്റ പരിശീലനം ഉറപ്പാക്കാൻ ആണ് പൊതുവിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നത്. ആധുനിക കാലത്തെ ആവശ്യങ്ങൾക്ക് അനുസരിച്ചു പരിശീലനം ആണ് നൽകുന്നതെന്നും അധ്യാപകർ പരിശീലനത്തിൽ നിന്ന് വിട്ട് നിൽക്കുന്നത് വിദ്യാർത്ഥികളോട് ചെയ്യുന്ന ക്രൂരതയാണെന്നും മന്ത്രി പറഞ്ഞു. അധ്യാപകർ പരിശീലന നടപടികളോട് സഹകരിക്കണം. പരാതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ എഴുതി നൽകിയാൽ പരിശോധിക്കുമെന്നും ശിവൻകുട്ടി പറഞ്ഞു. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നിരക്ക് വർധിപ്പിച്ചത് അധ്യാപകരുടെ ആവശ്യം കൂടി പരിഗണിച്ചാണെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി നിലവിൽ വരും. 52 ദിവസത്തെ നിരോധനം അടുത്തമാസം 31

ന് അർദ്ധരാത്രി അവസാനിക്കും. നിരോധനം നടപ്പാക്കുന്നതിനു ക്രമീകരണങ്ങൾ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തിയായി. സമുദ്രമത്സ്യങ്ങളുടെ പ്രജനന കാലത്ത് യന്ത്രവൽകൃത മത്സ്യബന്ധനം ഒഴിവാക്കി മത്സ്യസമ്പത്ത് സംരക്ഷിക്കണമെന്ന ലക്ഷ്യത്തോടെയാണ് 1989 മുതൽ ട്രോളിങ് നിരോധനം നടപ്പാക്കി വരുന്നത്. സംസ്ഥാനത്തെ മോട്ടോറൈസ്ഡ് മെക്കാനിക്കൽ വിഭാഗത്തിൽപ്പെട്ട 6,845 ബോട്ടുകൾക്ക് ഈ കാലയളവിൽ മത്സ്യബന്ധനത്തിന് അനുമതിയില്ല. രാത്രി 12ന് നീണ്ടകര പാലത്തിന്റെ തൂണുകളിൽ ഫിഷറീസ് അധികൃതർ ചങ്ങല ബന്ധിക്കുന്നതോടെ ട്രോളിങ് നിരോധനം നിലവിൽവരും. ആഴക്കടലിൽ മീൻ പിടുത്തത്തിന് പോയ യന്ത്രവത്കൃത ബോട്ടുകൾ മിക്കതും മീൻപിടുത്തം അവസാനിപ്പിച്ച് ഹാർബറുകളിലെത്തി. നിരോധനകാലയളവിൽ ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളമേ അനുവദിക്കൂ. യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യബന്ധനം പൂർണമായും നിരോധിക്കും. ട്രോളിങ് കാലയളവിൽ ബോട്ടിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഗവൺമെന്റ് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.

✪✪✪

ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ ഇന്ന് ഗ്രൂപ്പ് എ മത്സരത്തിൽ പാക്കിസ്താനെ നേരിടും. ന്യൂയോർക്കിലെ നസാവു കൗണ്ടി ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി എട്ടിനാണ് മത്സരം.

ഗയാനയിൽ ഗ്രൂപ്പ് സിയിൽ ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ഉഗാണ്ടയെ വെസ്റ്റ് ഇന്റീസ് 134 റൺസിന് പരാജയപ്പെടുത്തി. 174 റൺസ് വിജയലക്ഷ്യവുമായി ക്രീസിൽ ഇറങ്ങിയ ഉഗാണ്ടക്ക് 39 റൺസ് എടുക്കുന്നതിനിടെ എല്ലാ വിക്കറ്റുകളും നഷ്ടമാവുകയായിരുന്നു.

ബാർബഡോസിൽ ഇന്നലെ 36 റൺസിന് ഓസ്ട്രേലിയ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ ദക്ഷിണാഫ്രിക്ക നാലു വിക്കറ്റിന് നെതർലാന്റ്സിനെ പരാജയപ്പെടുത്തി.

✪✪✪

പാരീസിൽ ഫ്രഞ്ച് ഓപ്പൺ ടെന്നീസിന്റെ പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് സ്പെയിനിന്റെ കാർലോസ് അൽകാരാസ് ജർമ്മനിയുടെ അലക്സാണ്ടർ സ്വെരേവിനെ നേരിടും. 21 കാരനായ അൽകാരാസ് മൂന്നാം ഗ്രാൻഡ്സ്ലാം കിരീടം തേടുമ്പോൾ, 27 കാരനായ സ്വെരേവ് ആദ്യ കിരീടമാണ് ലക്ഷ്യമിടുന്നത്.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നിസ് വനിത സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം പോളണ്ടിന്റെ ഇഗ സ്വ്യാംതെക്ക് കിരീടം നേടി. റോളണ്ട് ഗാരോസിൽ ഇറ്റലിയുടെ ജാസ്മിൻ പൗളോനിയെ പരാജയപ്പെടുത്തിയാണ് ഇഗ ഹാട്രിക് കിരീടം സ്വന്തമാക്കിയത്.

✪✪✪

ലണ്ടനിൽ FIH ഹോക്കി പ്രോ ലീഗിലെ മൂന്നാം മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ജർമ്മനിയോട് 2-3 ന് പരാജയപ്പെട്ടു. ഇന്ത്യ ഇന്ന് ആതിഥേയരായ ബ്രിട്ടനെ നേരിടും. വൈകീട്ട് ആറിനാണ് മത്സരം.

✪✪✪

അന്താരാഷ്ട്ര ഗുസ്തി ടൂർണമെന്റിൽ വനിതകളുടെ 76 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ റീതിക ഹൂഡ വെള്ളി മെഡൽ സ്വന്തമാക്കി. ഇതോടെ ഹംഗറിയിലെ ബുഡാപെസ്റ്റിൽ ഗുസ്തി റാങ്കിങ് പരമ്പരയിൽ ഇന്ത്യയുടെ മെഡൽ നേട്ടം നാലായി. കൊളംബിയൻ താരത്തിനാണ് ഈ വിഭാഗത്തിൽ സ്വർണം.

വനിതകളുടെ ഗുസ്തിയിൽ അഞ്ചും പുരുഷന്മാരുടെ ഫ്രീസ്റ്റൈലിൽ ഒരാളും ഒളിമ്പിക്സിന് യോഗ്യത നേടി.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കോട്ടയം ,ആലപ്പുഴ ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

കേരള തീരത്ത് ചൊവ്വാഴ്ച വരെ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെ വേഗത്തിലും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിലും ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കേരള തീരത്തും തമിഴ്നാട് തീരത്തും ഇന്ന്  രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണമെന്നു  ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪